LIBRARY ARCHIVES Kerala Legislative Assembly

## കർഷകർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി

14 [628] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കോട്ടോപ്പാടം വില്ലേജിൽ മണ്ണു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തിയെടുക്കേണ്ട കർഷകർക്ക് റവന്യൂ അധികൃതർ സർട്ടിഫിക്കറ്റ് നൽകാത്തതു കാരണം പദ്ധതി പ്രവർത്തനം സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കർഷകർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് റവന്യൂ അധികൃതർക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മണ്ണാർക്കാട് താലൂക്ക് ഓഫീസിൽ കർഷകർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ചുള്ള അപേക്ഷകൾ നിലവിലില്ല. ഇതു സംബന്ധിച്ച യാതൊരു പരാതികളും ലഭിച്ചിട്ടില്ലെന്ന് മണ്ണാർക്കാട് തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിൽ തീരദേശ വില്ലേജുകളിലെ പട്ടയ വിതരണം

15 [629] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര പേർക്ക് കൈവശ ഭൂമിയും പട്ടയവും നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ തീരദേശ വില്ലേജുകളിൽ എത്ര പേർക്ക് പട്ടയം നൽകി;

(സി) തിരുവനന്തപുരം ജില്ലയിലെ തിരുപുറം, കരിങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നീ തീരദേശ വില്ലേജുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പട്ടയം നൽകിയെന്ന് അറിയിക്കാമോ;

(ഡി) ഈ വില്ലേജുകളിൽ നിന്നുമായി നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ എത്രപേരുടെ പട്ടയം അപേക്ഷകൾ ഉണ്ട്; ഇവ സംബന്ധിച്ച വിശദാംശങ്ങളും സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 653 പട്ടയവും, 930 കൈവശരേഖയും നൽകിയിട്ടുണ്ട്.

(ബി) 191 പട്ടയം നൽകിയിട്ടുണ്ട്.

(സി) 138 പട്ടയം നൽകിയിട്ടുണ്ട്.